**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2164** **06-07-2022 - ൽ മറുപടിയ്ക്ക്**

**സാൻ ഫാർമയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സാൻ ഫാർമ എന്ന സ്ഥാപനം യൂറോപ്യൻ കമ്മീഷൻ സർട്ടിഫൈ ചെയ്തിട്ടുള്ള സ്ഥാപനമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | സാൻ ഫാർമ എന്ന സ്ഥാപനം യൂറോപ്യൻ കമ്മീഷൻ സർട്ടിഫൈഡ് അല്ല. എന്നാൽ യൂറോപ്യൻ കമ്മീഷൻ (സി.ഇ) സർട്ടിഫൈഡ് ചെയ്തിട്ടുള്ള പി.പി.ഇ കിറ്റുകളാണ് M/s സാൻ ഫാർമയിൽ നിന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ചത്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും പി.പി.ഇ. കിറ്റ് അടക്കം വാങ്ങാൻ തീരുമാനിച്ച കെ.എം.എസ്.സി. എൽ.-ന്റെ നോട്ട് ഫയലിൽ 31.03.2020 തീയതിയിൽ തന്നെ 15,000 പി.പി.ഇ. കിറ്റുകൾ മാത്രം വാങ്ങിയാൽ മതി എന്ന തീരുമാനം ഫിനാൻസ് മാനേജർ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എം.എസ്.സി.എൽ.- ൽ നിന്നും ലഭ്യമായ വിവരം പ്രകാരം സ്ഥാപനത്തിന്റെ നോട്ട് ഫയലിൽ 15,000 എണ്ണം PPE കിറ്റുകൾ മാത്രം വാങ്ങിയാൽ മതിയെന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും 50,000 പി.പി.ഇ. കിറ്റുകൾക്ക് പകരം 15,000 പി.പി.ഇ. കിറ്റുകൾ വാങ്ങാൻ 31/03/2020-ൽ തന്നെ കെ.എം.എസ്.സി.എൽ. തീരുമാനിച്ചിട്ടും പോസ്റ്റ് ഫാക്റ്റോ അംഗീകാരത്തിന് സർക്കാരിന് സമർപ്പിച്ച ഫയലിൽ 50,000 കിറ്റുകളാണ് വാങ്ങാൻ തീരുമാനിച്ചതെന്നും ഇതിനായി 7.75 കോടി രൂപ വേണ്ടിവരുമെന്നും തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (സി) | പോസ്റ്റ് ഫാക്റ്റോ അംഗീകാരത്തിനായി കോർപ്പറേഷൻ സർക്കാരിലേയ്ക്ക് കത്ത് അയച്ചത് 2020 ഏപ്രിൽ 10-നാണ്. ആ സമയത്ത് സാൻ ഫാർമയ്ക്ക് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം കോർപ്പറേഷന് നൽകാനുണ്ടായിരുന്ന ബാക്കി എണ്ണം പി.പി.ഇ. കിറ്റുകൾ റദ്ദാക്കുകയോ സാൻ ഫാർമ കമ്പനിയിൽ നിന്നും വാങ്ങേണ്ടതില്ല എന്ന തീരുമാനമോ കോർപ്പറേഷൻ കൈക്കൊണ്ടിട്ടില്ല. സാൻ ഫാർമയ്ക്ക് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം കോർപ്പറേഷനിലേക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്ന 35,000 എണ്ണം പി.പി.ഇ കിറ്റുകൾ റദ്ദ് ചെയ്തത് 15.04.2020-നാണ്. അക്കാരണത്താലാണ് സർക്കാരിലേക്ക് നൽകിയ പോസ്റ്റ് ഫാക്റ്റോ അംഗീകാരത്തിനുള്ള കത്തിൽ പർച്ചേസ് ഓർഡറിൽ നൽകിയിട്ടുള്ള 50,000 പി.പി.ഇ കിറ്റുകൾ ഉൾപ്പെടുത്തിയത്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും 50,000 പി.പി.ഇ. കിറ്റുകൾ വാങ്ങുന്നതിന് 7.75 കോടി രൂപയുടെ അംഗീകാരം സർക്കാരിൽ നിന്നും ലഭ്യമാക്കിയെങ്കിലും 15,000 പി.പി. ഇ. കിറ്റുകളുടെ തുക മാത്രമാണോ പ്രസ്തുത സ്ഥാപനത്തിന് നൽകിയത്; എങ്കിൽ സർക്കാർ അംഗീകാരം നൽകിയതിൽ ശേഷിക്കുന്ന തുക കെ.എം.എസ്.സി.എൽ. എങ്ങനെ വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) | സാൻ ഫാർമ കമ്പനിക്ക് 15,000 പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള തുക മാത്രമേ നൽകിയിട്ടുള്ളൂ. സർക്കാർ അംഗീകാരം നൽകിയ ബാക്കി തുക കോവിഡ് പ്രതിരോധത്തിനുള്ള സാമഗ്രികൾ വാങ്ങുവാനായി ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ